"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - സെക്കൻഡറി തലത്തിൽ മലയാളം ഒരു വിഷയമായി പഠിക്കാതെ എൽ.പി.എസ്.ടി/യു.പി.എസ്.ടി (മലയാളം മീഡിയം) തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് മലയാള ഭാഷാപ്രാവീണ്യം ഉറപ്പാക്കുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന Language Test in Malayalam പരീക്ഷ - 40%-ൽ കുറയാത്ത മാർക്ക് നേടി പാസ്സായിരിക്കണം എന്ന വ്യവസ്ഥ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

G.O.(Ms) No.144/2025/GEDN തീയതി,തിരുവനന്തപുരം, 20-08-2025

---

പരാമർശം:-

1. 19/03/2002 ലെ സ.ഉ.(സാധാ) നം.534/2002/പൊ.വി.വ. സർക്കാർ ഉത്തരവ്.
2. 22/05/2018 ലെ സ.ഉ.(കൈ) നം.67/2018/പൊ.വി.വ. സർക്കാർ ഉത്തരവ്.
3. 24/02/2023 ലെ സ.ഉ.(കൈ) നം.19/2023/പൊ.വി.വ. സർക്കാർ ഉത്തരവ്
4. 28/06/2023 ലെ സ.ഉ.(കൈ) നം.87/2023/പൊ.വി.വ. സർക്കാർ ഉത്തരവ്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 4.10.2024-ലെ ഡിജിഇ/2024/20435/എച്ച്3 നമ്പർ കത്ത്
6. കേരള പബ്ലിക് സർവീസ് കമ്മിഷന്റെ 04.07.2025 തീയതിയിലെ A2-1/50014/2018-KPSC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി (മലയാളം മീഡിയം) നിയമനത്തിനുള്ള യോഗ്യത പരാമർശം (1) ഉത്തരവ് പ്രകാരം താഴെ കാണും പ്രകാരം ഭേദഗതി ചെയ്തിരുന്നു."Candidates who have not studied the Regional Language malayalam either under Part 1 or Part II or as medium of instruction of SSLC will not be eligible for appointment to the post".

2. തുടർന്ന് പരാമർശം (2) പ്രകാരം സെക്കൻഡറി / ഹയർ സെക്കൻഡറി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അധ്യാപക ട്രെയിനിങ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.ടി/യു.പി.എസ്.ടി നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണെന്ന് ഉത്തരവായിരുന്നു. പിന്നീട് ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ

ശുപാർശയുടെ അടിസ്ഥാനത്തിൽ, പ്രൈമറി തലത്തിൽ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും ആശയവിനിമയത്തിനും പ്രാദേശികഭാഷയായ മലയാളം, എസ്.എസ്.എൽ.സിയ്ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II ലോ അല്ലെങ്കിൽ പഠനമാധ്യമമായോ പഠിച്ചിട്ടുള്ളവരെ എൽ.പി, യു.പി അധ്യാപകരായി നിയമിക്കുന്നതിന് , പരാമർശം (2) സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവായി.അതിന് ശേഷം പരാമർശം (3) ലെ സർക്കാർ ഉത്തരവ് തീയതിയായ 24/2/2023 ന് മുൻപ്, പരാമർശം (2) സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ട്രെയിനിങ് യോഗ്യത കരസ്ഥമാക്കിയവർക്കും, ടി കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകിക്കൊണ്ടും, അപ്രകാരം നിയമിതരാകുന്നവർക്ക് ടി ഉത്തരവിൽ നിർദേശിച്ച പ്രകാരം മലയാള ഭാഷാപ്രാവീണ്യം ഉറപ്പാക്കുന്നതിനായി നടത്താൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ പരീക്ഷ എഴുതുന്നതിന് അനുമതി നൽകിക്കൊണ്ടും 24/2/2023 തീയതിക്ക് ശേഷം മേൽ കോഴ്സുകളിൽ പ്രവേശനം നേടിയവർക്ക് ഈ ആനുകൂല്യം നൽകേണ്ടതില്ല എന്ന് വ്യക്തമാക്കിക്കൊണ്ടും പരാമർശം (4) പ്രകാരം ഉത്തരവായി.

3. സെക്കൻഡറി തലത്തിൽ മലയാളം ഒരു വിഷയമായി പഠിക്കാതെ, പരാമർശം (2), (4) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, എൽ.പി.എസ്.ടി/യു.പി.എസ്.ടി തസ്തികയിൽ നിയമിക്കപ്പെടുന്നവർ ക്ക് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന Language Test in Malayalam പരീക്ഷയിൽ 40% ൽ കുറയാത്ത മാർക്ക് നേടി പാസ്സായിരിക്കണം എന്ന് നിഷ്കർഷിക്കാവുന്നതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ പരാമർശം (6) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു. പരാമർശം (2), (4) സർക്കാർ ഉത്തരവുകൾ പ്രകാരം എൽ.പി.എസ്.ടി/യു.പി.എസ്.ടി ആയി നിയമിതരാകുന്നവർക്ക് മലയാള പ്രാവീണ്യം ഉറപ്പാക്കുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന Language Test in Malayalam 40%-ൽ കുറയാത്ത മാർക്ക് നേടി പാസ്സായിരിക്കണം എന്ന് വ്യവസ്ഥചെയ്ത് ഉത്തരവാകുന്നു. ഇത് സംബന്ധിച്ച വിജ്ഞാപനം കേരള പബ്ലിക് സർവീസ് കമ്മിഷൻ പുറപ്പെടുവിക്കുന്നതാണ്.

കെ.ഇ.ആറിലെ ബന്ധപ്പെട്ട റൂളിൽ പിന്നീട് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr Vasuki K I A S
SECRETARY

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എസ്.സി.ഇ.ആർ.ടി ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, എം.ജി/ കേരള/ കാലിക്കറ്റ്/ കണ്ണൂർ സർവ്വകലാശാലകൾ.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Signed by

B Harikumar

Date: 21-08-2025 12:32:09

സെക്ഷൻ ഓഫീസർ.